# യഥാർത്ഥ വിജയികളാവുക.

الفلاح الحقيقي فلاح الآخرة

[ مليالم – **Malayalam** – മലയാളം]

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

سيد سعفر صادق

## യഥാർത്ഥ വിജയികളാവുക.

بِسْمِ اللَّهِ الرَّحْمَـٰنِ الرَّحِيمِ

മനുഷ്യരെ,നമ്മുടെ ജീവിത ലക്ഷ്യമെന്താണെന്ന് ചിന്തിച്ചു നോക്കിയിട്ടു ോ? നാം ആസ്വദിക്കുകയും, സുഖിക്കുകയും, അനുഭവിക്കുകയും ചെയ്തുകൊ ിരിക്കുന്ന ഈ ഐഹിക ജീവിതത്തിന് ഒരു അന്ത്യമു ല്ലോ? അതായത് നാം മരിക്കുമല്ലോ? മരണത്തിന് ശേഷം ഒരു ജീവിതം മനുഷ്യനു ോ? അതോ നാം മണ്ണായി തീർന്നാൽ എല്ലാം അവസാനിച്ചോ ?

ദൈവിക പ്രവാചകന്മാരിൽ അവസാനമായി കടന്ന് വന്ന മുഹമ്മദ്(ﷺ)യിലൂടെ അവതരിപ്പിക്കപ്പെട്ട ഖുർആനും, ആ ദൈവിക ഗ്രന്ഥത്തിന്റെ പ്രായോഗിക മാതൃകയായ നബിചര്യയും ജീവിതത്തിന്റെ വഴികാട്ടിയായി സ്വീകരിച്ചാചരിക്കുന്നവർ വിശ്വസിക്കുന്നത് മരണത്തിന് ശേഷമാണ് യഥാർത്ഥ ജീവിതമാരംഭിക്കുന്നത് എന്നാണ്. ആ ജീവിതത്തിൽ വിജയിക്കുവാനാവശ്യമായ കാര്യങ്ങളാണ് മരണാനന്തര ജീവിതത്തിലേക്കുള്ള കൃഷിയിടമായ ഐഹിക ജീവിതത്തിൽ മനുഷ്യർ ചെയ്യേ ത്. ആരാണ് വിജയി, എന്താണ് യഥാർത്ഥ വിജയം? എന്തിലാണ് വിജയിക്കേ ത്. ഇതൊന്നും തന്നെ ചിന്തിക്കാതെ, ആലോചിക്കാതെ ഐഹിക വിജയം നേടാനാണ് പലയാളുകളും ഭൂമിയിൽ അക്രമങ്ങളും, കുഴപ്പങ്ങളും ഉ ാക്കി കൊ ിരിക്കുന്നത്. ഒരു മന്ത്രി കസേര ലഭിക്കാൻ, എം എൽ എയാകാൻ, ഒരു പഞ്ചായത്തിന്റെ പ്രസിഡന്റാകാൻ, കളികളിൽ വിജയിക്കാൻ, കപ്പ് നേടാൻ, പാരിദോഷികം ലഭ്യമകാൻ, ലോട്ടറിയടിക്കാൻ, ഇഷ്ടപ്പെട്ടത് സ്വന്തമാക്കാൻ... അങ്ങിനെ പോകുന്നു മനുഷ്യന്റെ ഐഹികമായ മോഹങ്ങളും വിജയങ്ങളും. എന്നാൽ നൈമിഷികവും, ദോഷകരവുമായ ഈ വിജയമാണോ മനുഷ്യന്റെ യഥാർത്ഥ വിജയം. അല്ലാ, എന്ന് തന്നെയാണ് മനുഷ്യത്വമുള്ള, ശുദ്ധമായ ബുദ്ധികൊ ് ചിന്തിക്കുയും ചെയ്യുന്ന ഓരോ മനുഷ്യനും പറയുന്നത്.

പ്രപഞ്ചസ്രഷ്ടാവ് ഒരുക്കിവെച്ചിട്ടുള്ള അനുഗ്രഹങ്ങളുടെ ഖേദാരമായ സ്വർഗ പ്രവേശനവും, അവന്റെ കഠിന കഠോര ശിക്ഷയിൽ നിന്നുള്ള മോചനവുമാണ് മനുഷ്യന് നേടാനാവുന്ന യഥാർത്ഥ വിജയം. എന്നാൽ മനുഷ്യർ ഇതൊന്നും ചിന്തിക്കാതെ ഈ ലോകത്തിന്റെ സുഖങ്ങളും, ആസ്വാദനങ്ങളും പരമാവധി നേടിയെടുക്കുകയും, ആസ്വദിക്കുകയുമാണ് യഥാർത്ഥ വിജയമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. നമ്മെ സൃഷ്ടിക്കുകയും, പരിപാലിക്കുകയും ചെയ്യുന്ന പ്രപഞ്ച സ്രഷ്ടാവിന്റെ പ്രസ്താവന നാം കാണുക:

وَمَا هَٰذِهِ الْحَيَاةُ الدُّنْيَا إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ الدَّارَ الْآخِرَةَ لَهِيَ الْحَيَوَانُ ۚ لَوْ كَانُوا يَعْلَمُونَ

“ഈ ഐഹിക ജീവിതം വിനോദവും കളിയുമല്ലാതെ മറ്റൊന്നുമല്ല. തീർച്ചയായും പരലോകം തന്നെയാണ് യഥാർത്ഥ ജീവിതം. അവർ മനസ്സിലാക്കിയിരുന്നെങ്കിൽ!” (അൻകബൂത്ത്:64)

ആയതിനാൽ മുസ്ലിമായ ഒരു മനുഷ്യൻ എപ്പോഴും വ്യക്തമായ വിജയമായ സ്വർഗമായിരിക്കണം തന്റെ ജീവിത ലക്ഷ്യമാക്കേ ത്. ഉന്നതനും പ്രതാപവാനുമായ തന്റെ രക്ഷിതാവിനെ സന്തോഷത്തോടെ ക ുമുട്ടുകയെന്ന പരമമായ ആനന്ദത്തിന്റെ വിജയമാണ് വിശ്വാസി ആഗ്രഹിക്കേ ത്, അതിനായിട്ടാണ് ഐഹി

ക ജീവിതത്തെ അവൻ ഉപയോഗപ്പെടുത്തേ ത്. അല്ലാഹു കൃത്യമായി നമ്മെ ഖുർആനിലൂടെ പഠിപ്പിക്കുന്നത് നമുക്ക് ഒന്ന് പഠിച്ചു കൂടെ.

كُلُّ نَفْسٍ ذَآئِقَةُ الْمَوْتِ وَإِنَّمَا تُوَفَّوْنَ أُجُورَكُمْ يَوْمَ الْقِيَامَةِ فَمَن زُحْزِحَ عَنِ النَّارِ وَأُدْخِلَ الْجَنَّةَ فَقَدْ فَازَ وَما الْحَيَاةُ الدُّنْيَا إِلاَّ مَتَاعُ الْغُرُورِ (آل عمران:185)

“ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹിക ജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല. (ആലു ഇംറാൻ :185)

സ്വർഗ പ്രവേശനത്തേക്കാൾ ഉത്തമമായ വിജയം മറ്റെന്താണുള്ളത്, നരകമോചനത്തേക്കാൾ വലിയ വിജയം എന്താണുള്ളത്. നാം ചിന്തിക്കുക. പ്രവാചകനെ അനുധാവനം ചെയ്യുന്ന മുസ്ലിം പ്രവാചകന്റെ വചനങ്ങളിലൂടെ സ്വർഗ പ്രവേശനമെന്ന യഥാർത്ഥ വിജയത്തെ മനസിലാക്കുമ്പോൾ പ്രവാചകന്റെ വചനം അവൻ ശ്രദ്ധിക്കേ തില്ലേ, പഠിക്കേ തില്ലേ? ഒന്നു ചിന്തിച്ചു നോക്കൂ, മുസ്ലിം സഹോദരങ്ങളെ, അവസാന നാളിൽ അല്ലാഹു നരകത്തിന് മുകളിൽ നാട്ടുന്ന പാലവും,അതിന്റെ ഇരു പാർശ്വങ്ങളിലുമായുള്ള കൊളുത്തുകളും, മുള്ളുകളും, അതിന്റെ വഴുവഴുപ്പും, നൈർമല്യതയും എല്ലാം ഒന്ന് ആലോചിക്കുക, ഇതിലൂടെയാണ് മനുഷ്യൻ അവൻ ചെയ്ത കർമ്മങ്ങളുമായി കടന്ന് പോകേ ത്. സൽകർമ്മമാണ് അധികമെങ്കിൽ അതിലൂടെ കടന്ന് സ്വർഗത്തിൽ പ്രവേശിക്കുക എന്ന ഉന്നതമായ വിജയം ലഭ്യമാകും, നേരെ മറിച്ചാണെങ്കിൽ ഏറ്റവും വലിയ പരാജയമായ നരകവുമായിരിക്കും. എല്ലാവരും നരകം ദർശിക്കുകമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഉന്നത വിജയം ലഭിച്ചയാളുകൾക്ക് തനിക്ക് ലഭിച്ച വിജയം എത്ര മാത്രമു ന്ന് മനസിലാക്കാനും, താൻ രക്ഷപ്പെട്ടിരിക്കുന്നത് എത്ര ഭീകരതയിൽ, ശിക്ഷയിൽ നിന്നുമാണെന്ന് കൃത്യമായി മനസിലാക്കാൻ അവന് നരകം കാണിക്കപ്പെടുന്നു. ഖുർആൻ പറയുന്നു:

(وَإِنْ مِنْكُمْ إِلَّا وَارِدُهَا كَانَ عَلَى رَبِّكَحَتْمًا مَقْضِيًّا * ثُمَّ نُنَجِّي الَّذِينَ اتَّقَوْا وَنَذَرُ الظَّالِمِينَفِيهَا جِثِيًّا) (مريم:82-81 )

“അല്ലാഹുവിന് പുറമെ അവർ ദൈവങ്ങളെ സ്വീകരിച്ചിരിക്കുകയാണ്. അവർ ഇവർക്ക് പിൻബലമാകുന്നതിന് വേ ി. അല്ല, ഇവർ ആരാധന നടത്തിയ കാര്യം തന്നെ അവർ നിഷേധിക്കുകയും, അവർ ഇവർക്ക് എതിരായിത്തീരുകയും ചെയ്യുന്നതാണ്.” (മർയം:81–82)

ഈ സന്ദർഭത്തിൽ വിജയിക്കുന്നവരിൽ പെട്ടവരാണോ നാം, അതി നാവശ്യമായ കാര്യങ്ങൾ ചെയ്യുന്നവരാണോ നാം എന്ന് ചിന്തിച്ച് നോക്കുക. അല്ലാഹുവെ, ഞങ്ങളെല്ലാവരെയും നീ രക്ഷപ്പെടുത്തേണമേ. അതിനാവശ്യമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് നാം മനസിലാക്കുക. അത് വിശദീകരിക്കുന്ന ആയത്ത് നാം വായിക്കുക:

(وَمَنْ يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِفَأُولَئِكَ هُمُ الْفَائِزُونَ) (النور: 52)

“അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ” (നൂർ: 52)

ഈ ആയത്തിൽ നാല് കാര്യങ്ങളാണ് വിജയത്തിന്റെ നിധാനമായി അല്ലാഹു നമ്മെ കൃത്യമായി പഠിപ്പിക്കുന്നത്.

- അല്ലാഹുവിനെ അനുസരിക്കുക.
- റസൂലിനെ അനുസരിക്കുക.
- ഉന്നതനും പരിശുദ്ധനുമായ അല്ലാഹുവിന്റെ മുന്നിൽ നിൽക്കേ വനാണല്ലോയെന്ന ബോധം മനസിലാ ാവുക.
- അല്ലാഹുവിന്റെ നിയമങ്ങൾ ജീവിതത്തിൽ പകർത്തുകയും, വിരോധങ്ങളിൽ നിന്നും, തെറ്റു കുറ്റങ്ങളിൽ നിന്നും വിട്ട് നിൽക്കുകയെന്ന സൂക്ഷ്മതാ ബോധമുള്ളവനാവുകയും ചെയ്യുക.

ഈ നാല് കാര്യങ്ങൾ ആരുടെ ജീവിതത്തിലു ാ അവൻ വിജയിക്കുന്നവരോടൊപ്പമായിരിക്കും. ഈ വിജയത്തിന് ശേഷം വിശ്വാസികൾക്ക് ലഭിക്കാനിരിക്കുന്ന അനുഗ്രഹങ്ങളെ സംബന്ധിച്ച് നാം ഒന്ന് ചിന്തിക്കുക.അല്ലാഹു പറയുന്നു:

(إِنَّلِلْمُتَّقِينَ مَفَازًا * حَدَائِقَ وَأَعْنَابًا * وَكَوَاعِبَ أَتْرَابًا * وَكَأْسًا دِهَاقًا * لَا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّابًا * جَزَاءًمِنْ رَبِّكَ عَطَاءً حِسَابًا) (النبأ::31-36)

“തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമു ്. അതായത് (സ്വർഗത്തിലെ) തോട്ടങ്ങളും മുന്തിരികളും, തുടുത്ത മാർവിടമുള്ള സമ പ്രായക്കാരായ തരുണികളും. നിറഞ്ഞ പാനപാത്രങ്ങളും. അവിടെ അനാവശ്യമായ ഒരു വാക്കോ ഒരു വ്യാജ വാർത്തയോ അവർ കേൾക്കുകയില്ല. (അത്) നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു പ്രതിഫലവും, കണക്കൊത്ത ഒരു സമ്മാനവുമാകുന്നു” (നബഅ്: 31–36)

സ്വർഗ സൗഭാഗ്യം ലഭിച്ച വിശ്വാസികൾ ഉന്നത വിജയം ലഭിച്ച് കൊ ് സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അത് ഉന്നതമായ വിജയം തന്നെയാണ്. അല്ലാഹു പറയുന്നത് നാം വായിക്കുക.

(يَوْمَ تَرَى الْمُؤْمِنِينَوَالْمُؤْمِنَاتِ يَسْعَى نُورُهُمْ بَيْنَ أَيْدِيهِمْ وَبِأَيْمَانِهِمْبُشْرَاكُمُ الْيَوْمَ جَنَّاتٌ تَجْرِي مِنْ تَحْتِهَا الْأَنْهَارُ خَالِدِينَفِيهَا ذَلِكَ هُوَ الْفَوْزُ الْعَظِيمُ) (الحديد: 12)

“സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും, അവരുടെ പ്രകാശം അവരുടെ മുൻഭാഗങ്ങളിലൂടെയും വലതുഭാഗങ്ങളിലൂടെയും സഞ്ചരിക്കുന്ന നിലയിൽ നീ കാണുന്ന ദിവസം! (അന്നവരോട് പറയപ്പെടും:) ഇന്നു നിങ്ങൾക്കുള്ള സന്തോഷ വാർത്ത ചില സ്വർഗത്തോപ്പുകളെ പറ്റിയാകുന്നു. അവയുടെ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊ ിരിക്കും. നിങ്ങൾ അതിൽ നിത്യവാസികളായിരിക്കും. അത് മഹത്തായ ഭാഗ്യം തന്നെയാണ്.” (ഹദീദ്:12)

(إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِلَهُمْ جَنَّاتٌ تَجْرِي مِنْ تَحْتِهَا الْأَنْهَارُ ذَلِكَ الْفَوْزُالْكَبِيرُ) (البروج: 11)

“വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളു ്; തീർച്ച. അതത്രെ വലിയ വിജയം.” (ബുറൂജ്:11)

സ്വർഗ പ്രവേശനമെന്ന വിജയം ലഭിച്ചവർക്ക് അതിമഹത്തായ ഒരു വിജയം കൂടി നേടാനു ്, അത് ഉന്നതനും പ്രതാപവാനുമായ അല്ലാഹുവിനെ ക ു മു

ട്ടുകയെന്നതാണ്. അതിന് വേ   ിയാണ് പ്രവർത്തിക്കുന്നവൻ പ്രവർത്തിക്കേ   ത് എന്ന് ഖുർആൻ വ്യക്തമാക്കുന്നത് നാം കാണുക:

(إِنَّهَذَا لَهُوَ الْفَوْزُ الْعَظِيمُ * لِمِثْلِ هَذَا فَلْيَعْمَلِ الْعَامِلُونَ ) (الصّافات: 61-60)

"തീർച്ചയായും ഇതു തന്നെയാണ് മഹത്തായ ഭാഗ്യം. ഇതുപോലെയുള്ളതിന് വേ   ിയാകട്ടെ പ്രവർത്തകന്മാർ പ്രവർത്തിക്കുന്നത്." (സ്വാഫാത്ത്: 60– 61)

ഉന്നതമായ വിജയം വരിക്കാൻ ഖുർആൻ കൃത്യമായി നമുക്ക് പഠിപ്പിച്ച് തരുന്ന കാര്യങ്ങളിലൂടെ നമുക്കൊന്ന് അൽപം സഞ്ചരിക്കാം.

സ്വന്തം കുടുംബക്കാരേക്കാളും, സഹോദരങ്ങളേക്കാളും, സന്താനങ്ങളേക്കാളും, പിതാക്കളേക്കാളും അല്ലാഹുവിനെയും, അവന്റെ റസൂലിനെയും ഇഷ്ടപ്പെട്ട് കൊ   ് വിശ്വാസം ഊട്ടിയുറപ്പിച്ച് അല്ലാഹുവിന്റെ കക്ഷിയായി തീരുക.

( لا تَجِدُ قَوْمًا يُؤْمِنُونَ بِاللَّهِ وَالْيَوْمِ الآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ أُوْلَئِكَ كَتَبَ فِي قُلُوبِهِمُ الإِيمَانَ وَأَيَّدَهُم بِرُوحٍ مِّنْهُ وَيُدْخِلُهُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ أُوْلَئِكَ حِزْبُ اللَّهِ أَلا إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحُونَ) (سورة المجادلة: 22)

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ ക   ത്തുകയില്ല. അവർ (എതിർപ്പുകാർ)അവരുടെ പിതാക്കളോ, പുത്രന്മാരോ, സഹോദരന്മാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അത്തരക്കാരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരു ആത്മ ചൈതന്യം കൊ   ് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു.അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ" (മുജാദല: 22).

**അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുക:**

(تِلْكَ حُدُودُ اللَّهِ وَمَن يُطِعِ اللَّهَ وَرَسُولَهُ يُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا وَذَلِكَ الْفَوْزُ الْعَظِيمُ)(النساء - : 13)

"അല്ലാഹുവിന്റെ നിയമപരിധികളാകുന്നു ഇവയൊക്കെ. ഏതൊരാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം." (നിസാഅ്: 13)

**സത്യം പറയുക.**

(قَالَ اللَّهُ هَذَا يَوْمُ يَنفَعُ الصَّادِقِينَ صِدْقُهُمْ لَهُمْ جَنَّاتٌ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا رَّضِيَ اللَّهُ عَنْهُمْ وَرَضُواْ عَنْهُ ذَلِكَ الْفَوْزُ الْعَظِيمُ)(سورة المائدة: 119)

“അല്ലാഹു പറയും: ഇത് സത്യവാന്മാർക്ക് തങ്ങളുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമാകുന്നു.അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളു ്. അവരതിൽ നിത്യവാസികളായിരിക്കും. അവരെപ്പറ്റി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം” (മാഇദ: 119).

വിശുദ്ധഖുർആനും തിരുസുന്നത്തും മുന്നോട്ട് വെക്കുന്ന ആദർശം സ്വീകരിച്ചു കൊ ് യഥാർത്ഥ വിശ്വാസികളായി തീരുക.

(وَعَدَ اللَّهُ الْمُؤْمِنِينَ وَالْمُؤْمِنَاتِ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا وَمَسَاكِنَ طَيِّبَةً فِي جَنَّاتِ عَدْنٍ وَرِضْوَانٌ مِّنَ اللَّهِ أَكْبَرُ ذَلِكَ هُوَ الْفَوْزُ الْعَظِيمُ)(سورة التوبة: 72)

“സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും. സ്ഥിര വാസത്തിനുള്ള തോട്ടങ്ങളിൽ വിശിഷ്ടമായ പാർപ്പിടങ്ങളും(വാഗ്ദാനം ചെയ്തിരിക്കുന്നു.) എന്നാൽ അല്ലാഹുവിങ്കൽ നിന്നുള്ള പ്രീതിയാണ് ഏറ്റവും വലുത്.അതത്രെ മഹത്തായ വിജയം.”(തൗബ: 72)

**അല്ലാഹുവിന്റെ മാർഗത്തിൽ ശരീരവും,സമ്പത്തും ചിലവഴിക്കുക.**

(إِنَّ اللَّهَ اشْتَرَى مِنَ الْمُؤْمِنِينَ أَنفُسَهُمْ وَأَمْوَالَهُم بِأَنَّ لَهُمُ الْجَنَّةَ يُقَاتِلُونَ فِي سَبِيلِ اللَّهِ فَيَقْتُلُونَ وَيُقْتَلُونَ وَعْدًا عَلَيْهِ حَقًّا فِي التَّوْرَاةِ وَالإِنجِيلِ وَالْقُرْآنِ وَمَنْ أَوْفَى بِعَهْدِهِ مِنَ اللَّهِ فَاسْتَبْشِرُواْ بِبَيْعِكُمُ الَّذِي بَايَعْتُم بِهِ وَذَلِكَ هُوَ الْفَوْزُ الْعَظِيمُ ) (سورة التوبة: 111)

“തീർച്ചയായും സത്യവിശ്വാസികളുടെ പക്കൽ നിന്ന്, അവർക്ക് സ്വർഗമു ായിരിക്കുക എന്നതിനു പകരമായി അവരുടെ ദേഹങ്ങളും അവരുടെ ധനവും അല്ലാഹു വാങ്ങിയിരിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അങ്ങനെ അവർ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. (അങ്ങനെ അവർ സ്വർഗാവകാശികളാകുന്നു.)തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും തന്റെ മേൽ ബാധ്യതയായി അല്ലാഹു പ്രഖ്യാപിച്ച സത്യവാഗ്ദാനമത്രെ അത്. അല്ലാഹുവെക്കാളധികം തന്റെ കരാർ നിറവേറ്റുന്നവനായി ആരു ്? അതിനാൽ നിങ്ങൾ (അല്ലാഹുവുമായി) നടത്തിയിട്ടുള്ള ആ ഇടപാടിൽ സന്തോഷം കൊള്ളുവിൻ.അതു തന്നെയാണ് മഹത്തായ ഭാഗ്യം’. (തൗബ: 111)

(لَكِنِ الرَّسُولُ وَالَّذِينَ آمَنُواْ مَعَهُ جَاهَدُواْ بِأَمْوَالِهِمْ وَأَنفُسِهِمْ وَأُوْلَئِكَ لَهُمُ الْخَيْرَاتُ وَأُوْلَئِكَ هُمُ الْمُفْلِحُونَ أَعَدَّ اللَّهُ لَهُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا ذَلِكَ الْفَوْزُ الْعَظِيمُ)سورة التوبة: 88-89 )

“പക്ഷെ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊ ും ശരീരങ്ങൾ കൊ ും സമരം ചെയ്തു. അവർക്കാണ് നന്മകളുള്ളത്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കിവെച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം” (തൗബ:88–89)

യഥാർത്ഥ വിശ്വാസം സ്വീകരിച്ച് അല്ലാഹുവിനെ ഭയപ്പെട്ട് കൊ ് ഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന അല്ലാഹുവിന്റെ ഔലിയാക്കളിൽ ഉൾപ്പെടു

വാൻ പരിശ്രമിക്കുക. അങ്ങനെയുള്ള ഔലിയാക്കൾക്ക് വിജയമു ന്ന് ഖുർ ആൻ പഠിപ്പിക്കുന്നു.

(أَلا إِنَّ أَوْلِيَاء اللَّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ * الَّذِينَ آمَنُواْ وَكَانُواْ يَتَّقُونَ * لَهُمُ الْبُشْرَى فِي الْحَيَاةِ الدُّنْيَا وَفِي الآخِرَةِ لاَ تَبْدِيلَ لِكَلِمَاتِ اللَّهِ ذَلِكَ هُوَ الْفَوْزُ الْعَظِيمُ)(سورة يونس: 64)

ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേ ി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊ ിരിക്കുകയും ചെയ്യുന്നവരത്രെ അവർ അവർക്കാണ് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷ വാർത്തയുള്ളത്. അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം". (യൂനുസ്:64)

**തിന്മകൾ ഉപേക്ഷിച്ചു കൊ ് നന്മകളുടെ വാക്താക്കളായി ജീവിക്കുക.**

( وَقِهِمُ السَّيِّئَاتِ وَمَن تَقِ السَّيِّئَاتِ يَوْمَئِذٍ فَقَدْ رَحِمْتَهُ وَذَلِكَ هُوَ الْفَوْزُ الْعَظِيمُ )(سورة غافر: 9)

"അവരെ നീ തിന്മകളിൽ നിന്ന് കാക്കുകയും ചെയ്യേണമേ. അന്നേ ദിവസം നീ ഏതൊരാളെ തിന്മകളിൽ നിന്ന് കാക്കുന്നുവോ, അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതു തന്നെയാകുന്നു മഹാഭാഗ്യം". (ഗ്വാഫിർ: 9)

**അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ സമ്പത്ത് കൊ ും, ശരീരം കൊ ും ധർമ്മ സമരം ചെയ്യുകയും ചെയ്യുക.**

( يَا أَيُّهَا الَّذِينَ آمَنُوا هَلْ أَدُلُّكُمْ عَلَى تِجَارَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ تُؤْمِنُونَ بِاللَّهِ وَرَسُولِهِ وَتُجَاهِدُونَ فِي سَبِيلِ اللَّهِ بِأَمْوَالِكُمْ وَأَنفُسِكُمْ ذَلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ وَمَسَاكِنَ طَيِّبَةً فِي جَنَّاتِ عَدْنٍ ذَلِكَ الْفَوْزُ الْعَظِيمُ )(سورة الصف:10-12)

"സത്യവിശ്വാസികളേ, വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കണം. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ സ്വത്തുക്കൾ കൊ ും ശരീരങ്ങൾ കൊ ും നിങ്ങൾ സമരം ചെയ്യുകയും വേണം. അതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്. നിങ്ങൾ അറിവുള്ളവരാണെങ്കിൽ. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും താഴ്ഭാഗത്ത്കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിലും,സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളിലെ വിശിഷ്ടമായ വസതികളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.അതത്രെ മഹത്തായ ഭാഗ്യം".(സ്വഫ്ഫ്: 10 –12)

**അല്ലാഹുവിൽ വിശ്വസിച്ച് കൊ ് സൽകർമ്മങ്ങൾ ചെയ്യുക.**

(يَوْمَ يَجْمَعُكُمْ لِيَوْمِ الْجَمْعِ ذَلِكَ يَوْمُ التَّغَابُنِ وَمَن يُؤْمِن بِاللَّهِ وَيَعْمَلْ صَالِحًا يُكَفِّرْ عَنْهُ سَيِّئَاتِهِ وَيُدْخِلْهُ جَنَّاتٍ تَجْرِي مِن تَحْتِهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ )(سورة التغابن: 9)

“ആ സമ്മേളനദിനത്തിന് നിങ്ങളെ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയ മാകുന്നു.) അതാണ് നഷ്ടം വെളിപ്പെടുന്ന ദിവസം. ആർ അല്ലാഹുവിൽ വിശ്വ സിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവന്റെ പാപങ്ങ ൾ അല്ലാഹു മായ്ച്ചു കളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വ ർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതിൽ (സ്വ ർഗത്തിൽ) അവർ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം’(തഗാ ബുൻ:9)

(فَأَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَيُدْخِلُهُمْ رَبُّهُمْ فِي رَحْمَتِهِ ذَلِكَ هُوَ الْفَوْزُ الْمُبِينُ ) (سورة الجاثية: 30)

“എന്നാൽ വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരാരോ അവരെ അവരുടെ രക്ഷിതാവ് തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അതു തന്നെയാകുന്നു വ്യക്തമായ ഭാഗ്യം’.(ജാഥിയ: 30)

അദൃശ്യ കാര്യങ്ങളിൽ വിശ്വസിക്കുകയും, നമസ്കാരം നിലനിർത്തുകയും, അല്ലാഹു അവതരിപ്പിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളിലും, അവസാന നാളിലും വിശ്വസി ക്കുകയും ചെയ്തവർ വിജയികളാണെന്ന് ഖുർആൻ പറയുന്നു.

(الَّذِينَ يُؤْمِنُونَ بِالْغَيْبِ وَيُقِيمُونَ الصَّلاةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ وَالَّذِينَ يُؤْمِنُونَ بِمَا أُنزِلَ إِلَيْكَ وَمَا أُنزِلَ مِن قَبْلِكَ وَبِالآخِرَةِ هُمْ يُوقِنُونَ أُوْلَئِكَ عَلَى هُدًى مِّن رَّبِّهِمْ وَأُولَئِكَ هُمُ الْمُفْلِحُونَ)(سورة البقرة:3-5)

“അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർത്ഥന അഥവാ നമസ്കാരം മുറ പ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുക യും, നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസി ക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അ വർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകു ന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ.” (ബഖറ: 3–5)

**നന്മയിലേക്ക് ക്ഷണിക്കുകയും, നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുക യും ചെയ്യുക.**

(وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ )(سورة آل عمران:104 )

“നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉ ായിരിക്ക ട്ടെ. അവരത്രെ വിജയികൾ” (ആലു ഇംറാൻ: 104)

വിശുദ്ധഖുർആനലേക്കും, തിരുസുന്നത്തിലേക്കും വിളിക്കപ്പെട്ടാൽ അതിന് ഉ ത്തരം നൽകുകയും, അത് അനുസരിക്കുകയും ചെയ്യുന്നവർ.

( إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا وَأُولَئِكَ هُمُ الْمُفْلِحُونَ) (سورة النور: 51)

“തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റ സൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കു

കയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ' (നൂർ: 51)

കുടുംബ ബന്ധമുള്ളവർക്കും, സാധുക്കൾക്കും, വഴി യാത്രക്കാർക്കും അവരുടെ അവകാശങ്ങൾ വകവെച്ച് കൊടുക്കുക.

(فَآتِ ذَا الْقُرْبَى حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ ذَلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ اللَّهِ وَأُولَئِكَ هُمُ الْمُفْلِحُونَ(سورة الروم: 38)

"ആകയാൽ കുടുംബബന്ധമുള്ളവന് നീ അവന്റെ അവകാശം കൊടുക്കുക. അഗതിക്കും വഴിപോക്കനും (അവരുടെ അവകാശവും നൽകുക). അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കുന്നവർക്ക് അതാണുത്തമം.അവർ തന്നെയാണ് വിജയികളും" (റൂം: 38).

സ്വന്തത്തിന് അത്യാവശ്യമു ായിട്ട് പോലും അന്യരുടെ ആവശ്യങ്ങൾക്ക് വേ ി ചിലവഴിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നവർ.

(وَالَّذِينَ تَبَوَّؤُوا الدَّارَ وَالْإِيمَانَ مِن قَبْلِهِمْ يُحِبُّونَ مَنْ هَاجَرَ إِلَيْهِمْ وَلا يَجِدُونَ فِي صُدُورِهِمْ حَاجَةً مِّمَّا أُوتُوا وَيُؤْثِرُونَ عَلَى أَنفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ وَمَن يُوقَ شُحَّ نَفْسِهِ فَأُولَئِكَ هُمُ الْمُفْلِحُونَ)(سورة الحشر: 9)

"അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചു വെച്ചവർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) ക ത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമു ായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തു രക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (ഹശ്ർ: 9).

അല്ലാഹുവെ, നീ അവതരിപ്പിച്ച വിശുദ്ധഖുർആനും, നീ നിയോഗിച്ചയച്ച പ്രവാചകൻ(ﷺ)യുടെ ചര്യയും മുറുകെ പിടിക്കുവാനും, അതനുസരിച്ച് പ്രവർത്തിക്കുവാനും, അതിലൂടെ യഥാർത്ഥ വിജയം വരിക്കുവാനും ഞങ്ങൾക്ക് സൗഭാഗ്യം നൽകേണമേ. ആമീൻ.

************

IslamHouse.com